ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ അടിസ്ഥാന സൗകര്യ വികസനത്തിലും തൊഴിൽ മേഖലയിലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ.

   **The government focus on infrastructure development and the employment sector in the country; says Union Finance Minister Nirmala Sitharaman.**

2. ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്കെതിരെ പ്രതിപക്ഷം നൽകിയ അവിശ്വാസ പ്രമേയ നോട്ടീസ് ബജറ്റ് സെഷൻറെ രണ്ടാംഘട്ടത്തിൽ പരിഗണിക്കും.

   **The No Confidence Motion notice against Lok Sabha speaker Om Birla will be considered in the second phase of the Budget session.**

3. ദേശീയ ഗീതമായ 'വന്ദേമാതരം' ആലപിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്രസർക്കാർ.

   **Centre issues guidelines for rendition of National Song Vande Mataram.**

4. സിബിഎസ്ഇ 12-ാം ക്ലാസ് മൂല്യനിർണയത്തിനായി ഈവർഷം മുതൽ ഓൺ-സ്ക്രീൻ മാർക്കിങ് സംവിധാനം നടപ്പിലാക്കും.

   **The CBSE to implement on-screen marking for evaluation of Class 12 answer books from this year.**

5. കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന് തുറക്കും.

   **The Sabarimala temple will open today for the Kumbha masa poojas.**

6. പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇംഗ്ലണ്ടിനെതിരെ വെസ്റ്റ് ഇൻഡീസിന് 30 റൺസ് ജയം.

   **In the ICC Men's T20 Cricket World Cup, West Indies defeated England by 30 runs.**

**NIRMALA SITARAMAN (INTRO)**

രാജ്യത്ത് ശക്തമായ അടിസ്ഥാന സൗകര്യ വികസനത്തിലാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും വളർച്ചയ്ക്കുമായി സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ടെന്നും ലോക്സഭയിൽ ബജറ്റ് ചർച്ചയ്ക്ക് മറുപടി നൽകികൊണ്ട് ശ്രീമതി സീതാരാമൻ പറഞ്ഞു. അഞ്ച് പ്രാദേശിക മെഡിക്കൽ ഹബ്ബുകൾ രാജ്യത്ത് മെഡിക്കൽ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുമെന്നും

കേന്ദ്രമന്ത്രി ലോക്സഭയിൽ പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതായും കേന്ദ്രമന്ത്രി വ്യക്തമാക്കി. സംസ്ഥാനങ്ങൾക്ക് നികുതി വിഹിതം കുറച്ചു എന്ന പ്രതിപക്ഷത്തിന്റെ ആരോപണങ്ങളെ കേന്ദ്രമന്ത്രി തള്ളി. ഈ വർഷം 25 ലക്ഷം കോടിയിലധികം രൂപ സംസ്ഥാനങ്ങൾക്ക് കൈമാറുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഡാറ്റാ സെന്ററുകളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**BUDGET- RS**

രാജ്യസഭയിലും ബജറ്റിൻമേൽ സജീവ ചർച്ച നടന്നു. യുവാക്കൾ, സ്ത്രീകൾ, കർഷകർ, സംരംഭകർ എന്നിവർക്ക് ബജറ്റിൽ ഊന്നൽ നൽകുന്നതായി ചർച്ചയ്ക്ക് തുടക്കമിട്ട് ബിജെപിയിൽ നിന്നുള്ള അശോക് ചവാൻ പറഞ്ഞു. അതേസമയം ബജറ്റിൽ കർഷകർക്കും മത്സ്യതൊഴിലാളികൾക്കും ഒന്നും പ്രഖ്യാപിച്ചിട്ടില്ലെന്ന് ഐയുഎംഎല്ലിന്റെ ഹാരിസ് ബീരാൻ ആരോപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**LS- INDUSTIAL CODE BILL**

ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് (ഭേദഗതി) ബിൽ 2026, തൊഴിൽമന്ത്രി മൻസുഖ് മാണ്ഡവ്യ ലോക്സഭയിൽ അവതരിപ്പിച്ചു. 1926-ലെ ട്രേഡ് യൂണിയൻസ് നിയമം, 1946-ലെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് നിയമം, 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് നിയമം എന്നിവയ്ക്ക് പകരമായി 2020-ലെ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് കൊണ്ടുവന്നിരുന്നു. ഇതുമൂലം ചില നിയമങ്ങളിലുണ്ടായ സങ്കീർണതകൾ ഒഴിവാക്കാനാണ് ഭേദഗതിയെന്ന് ബില്ലിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുന്ന പ്രസ്താവനയിൽ വ്യക്തമാക്കുന്നു.

❋❋❋❋❋❋❋❋❋❋❋❋❋

## LS - E COMMERCE

ഇ-കൊമേഴ്സ് മേഖലയുമായി ബന്ധപ്പെട്ട പരാതികളിൽ നാഷണൽ കൺസ്യൂമർ ഹെൽപ്പ് ലൈനിലൂടെ കഴിഞ്ഞ വർഷം ഏപ്രിൽ മുതൽ ഈ വർഷം ജനുവരി വരെയുള്ള കാലയളവിൽ ഉപഭോക്താക്കൾക്ക് ഏകദേശം 37 കോടി രൂപയുടെ റീഫണ്ട് നൽകാൻ സാധിച്ചതായി കേന്ദ്രസർക്കാർ. ഉപഭോക്താക്കളുടെ സംരക്ഷണത്തിനും ശാക്തീകരണത്തിനുമാണ് ഉപഭോക്തൃകാര്യ വകുപ്പ് മുൻഗണന നൽകുന്നതെന്ന് ലോക്സഭയിൽ ചോദ്യോത്തര വേളയിൽ കേന്ദ്ര സഹമന്ത്രി ബി.എൽ. വർമ്മ പറഞ്ഞു. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന്, ഉപഭോക്തൃ സംരക്ഷണ (ഇ-കൊമേഴ്സ്) നിയമങ്ങൾ, 2020 വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും ശ്രീ വർമ്മ പറഞ്ഞു.

## RIJIJU-RAHUL GANDHI

ബജറ്റ് ചർച്ചയ്ക്കിടെ ലോക്സഭയിൽ അടിസ്ഥാനരഹിതമായ പ്രസ്താവനകൾ നടത്തി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സഭയെ തെറ്റിദ്ധരിപ്പിച്ചതായും ഇതിനെതിരെ അവകാശലംഘന നോട്ടീസ് നൽകുമെന്നും കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ ശ്രീ രാഹുൽ ഗാന്ധി വ്യാജ ആരോപണങ്ങളാണ് ഉന്നയിച്ചതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പൂരിയ്ക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചതിനെയും കേന്ദ്രമന്ത്രി വിമർശിച്ചു.

## NO CONFIDENCE MOTION

ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്കെതിരെ പ്രതിപക്ഷം നൽകിയ അവിശ്വാസ പ്രമേയ നോട്ടീസ് ബജറ്റ് സെഷൻറെ രണ്ടാംഘട്ടത്തിൽ പരിഗണിക്കും. മാർച്ച് ഒൻപത് മുതൽ ഏപ്രിൽ രണ്ട് വരെയാണ് രണ്ടാംഘട്ടം. അവിശ്വാസ പ്രമേയ നോട്ടീസിൽ ചില പോരായ്മകൾ ഉള്ളതായി ലോക്സഭാ സെക്രട്ടേറിയറ്റ് പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നിരസിക്കാമായിരുന്നെങ്കിലും, നോട്ടീസിലെ പോരായ്മകൾ പരിഹരിച്ച് നടപടിക്രമങ്ങൾക്കനുസൃതമായി

മുന്നോട്ട് പോകാൻ സ്പീക്കർ സെക്രട്ടേറിയറ്റിനോട് നിർദ്ദേശിച്ചു. 118 പേരാണ് നോട്ടീസിൽ ഒപ്പുവയ്ച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## CBSE-OSM

സിബിഎസ്ഇ 12-ാം ക്ലാസ് മൂല്യനിർണയത്തിനായി ഈവർഷം മുതൽ ഓൺ-സ്ക്രീൻ മാർക്കിങ് സംവിധാനം നടപ്പിലാക്കും. കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് OSM സംവിധാനം അവതരിപ്പിക്കാൻ ബോർഡ് തീരുമാനിച്ചതെന്ന് സിബിഎസ്ഇ പരീക്ഷാ കൺട്രോളർ സന്യാം ഭരദ്വാജ് പറഞ്ഞു. അതേസമയം, സിബിഎസ്ഇ പത്താം ക്ലാസ് മൂല്യനിർണ്ണയം പരമ്പരാഗത രീതിയിൽ തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

## VANDE MATARAM(INTRO)

രാജ്യത്തിന്റെ ദേശീയ ഗീതമായ 'വന്ദേമാതരം' ആലപിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്രസർക്കാർ. ദേശീയ ഗീതവും ദേശീയ ഗാനവും ഒന്നിച്ച് അവതരിപ്പിക്കുമ്പോൾ, വന്ദേമാതരം ആദ്യം ആലപിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചു.

വിശദാംശങ്ങളിലേക്ക്......

(ഹോൾഡ് വോയ്സ്....)

## PM- ROLLS-ROYCE

പ്രധാനമന്ത്രി നരേന്ദ്ര മോദി റോൾസ് റോയ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തുഫാൻ എർജിൻ ബിൽഗിച്ചുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും രാജ്യത്തെ യുവജനതയുമായി സഹകരിക്കുന്നതിനുമുള്ള റോൾസ് റോയ്സിന്റെ താൽപ്പര്യത്തെ ഇന്ത്യ സ്വാഗതം ചെയ്യുന്നതായി കൂടിക്കാഴ്ചയ്ക്ക് ശേഷം പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

## SPECIAL ARRANGEMENTS

ആലുവ മഹാശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച്, ട്രെയിൻ സർവീസുകളിൽ റെയിൽവേ മാറ്റങ്ങൾ പ്രഖ്യാപിച്ചു. നിലമ്പൂർ - കോട്ടയം എക്സ്പ്രസിന് ആലുവയിൽ അധിക സ്റ്റോപ്പ് അനുവദിച്ചു. ഷൊർണൂർ - തൃശൂർ പാസഞ്ചർ ആലുവ വരെ നീട്ടുകയും അധിക സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ട്. തൃശൂർ - കണ്ണൂർ എക്സ്പ്രസ് ആലുവയിൽ നിന്ന് ആരംഭിച്ച് കണ്ണൂർ വരെ നീട്ടിയിട്ടുണ്ട്. ശിവരാത്രി പ്രമാണിച്ച് വൻതോതിൽ

എത്തുന്ന തീർത്ഥാടകരുടെ യാത്രാക്ലേശം പരിഹരിക്കാനാണ് നടപടി.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION COMMISSIONER

സംസ്ഥാനത്ത് 79 നിയോജക മണ്ഡലങ്ങളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം സംബന്ധിച്ച ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. കേരളത്തിലെ തന്നെ ഏക ഗോത്രവർഗ്ഗ ഗ്രാമപഞ്ചായത്ത് ആയ ഇടമലക്കുടിയിലെ മൂന്ന് പോളിംഗ് സ്റ്റേഷനുകളിലെയും നോട്ടീസ് നൽകിയ മുഴുവൻ വോട്ടർമാരുടെയും ഹിയറിങ്ങ് നടപടി പൂർത്തീകരിച്ചു. അർഹരായ മുഴുവൻ വോട്ടർമാരെയും ലിസ്റ്റിൽ ഉൾപ്പെടുത്താനായി. നിശ്ചയിച്ചതിനേക്കാൾ രണ്ട് ദിവസം മുൻപേ നടപടികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇടുക്കി ജില്ലയിലെ ഇടമലക്കുടി സന്ദർശിച്ച ശേഷം അദ്ദേഹം പറഞ്ഞു. ഈ മാസം 21-നാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് തുറക്കും. വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി ഇ.ഡി പ്രസാദ് നടതുറന്ന് ദീപം തെളിയിക്കും. കുംഭമൊന്നായ 13ന്

രാവിലെ അഞ്ചിനു നട തുറന്നു പൂജകൾ ആരംഭിക്കും. കുംഭമാസ പൂജകൾ പൂർത്തിയാക്കി 17ന് നട അടയ്ക്കും.

## T20 WORLDCUP

പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇംഗ്ലണ്ടിനെതിരെ വെസ്റ്റ് ഇൻഡീസിന് 30 റൺസ് ജയം. വിൻഡീസ് ഉയർത്തിയ 197 റൺ വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ടിന് 19 ഓവറിൽ 166 റൺ നേടുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമായി. ഇന്ന് നടക്കുന്ന മത്സരങ്ങളിൽ ശ്രീലങ്ക ഒമാനെയും നേപ്പാൾ ഇറ്റലിയെയും ഇന്ത്യ നമീബിയയെും നേരിടും. രാത്രി 7 മണിക്ക് ഡൽഹിയിലാണ് ഇന്ത്യ-നമീബിയ പോരാട്ടം.

## FIH HOCKEY PRO LEAGUE

എഫ്ഐഎച്ച് പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ഇന്ത്യക്കെതിരെ ബെൽജിയത്തിന് ജയം. റൂർക്കേലയിലെ ബിർസ മുണ്ട ഹോക്കി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ബെൽജിയം വിജയിച്ചത്. ഇന്ന് രാത്രി 7.30ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ, അർജന്റീനയെ നേരിടും.

आकाशवाणी